# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.549** | **09/02/2016-ൽ മറുപടിക്ക്**

## ടാറസ് കമ്പനിയ്ക്കുള്ള പ്രവർത്തനാനുമതി

**ചോദ്യം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

**മറുപടി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ജർമ്മൻ-അമേരിക്കൻ കമ്പനിയായ ടാറസിന് വിദേശ നിക്ഷേപത്തോടെ പ്രവർത്തിക്കാൻ അനുമതി നല്കിയ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) | വിശദാംശങ്ങൾ ഉൾപ്പെടുന്ന ഫ്രെയിം വർക്ക് ഉടമ്പടി അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | നിർദ്ദിഷ്ട പദ്ധതിക്ക് എത്ര ഏക്കർ സ്ഥലം എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി നല്കിയിട്ടുണ്ട്; പ്രസ്തുത ഭൂമി ഏത് ആവശ്യത്തിനായി സർക്കാർ അക്വയർ ചെയ്തിരുന്നതായിരുന്നു എന്നും വ്യക്തമാക്കാമോ ; | (ബി) | 19.73 ഏക്കർ സ്ഥലം താഴെപ്പറയുന്ന വ്യവസ്ഥ കൾക്ക് വിധേയമായി നൽകിയിട്ടുണ്ട്.<br>(i) ടെക്നോപാർക്കും, M/s.TIH-ഉം, M/s.THR India Ventures-ഉം ചേർന്ന ത്രികക്ഷി ഉടമ്പടി ഒപ്പുവയ്ക്കുന്നതാണ്.<br>(ii) TIH മാത്രമായോ, THR മാത്രമായോ, TIH-ഉം, THR-ഉം ചേർന്നോ പ്രത്യക്ഷമായോ പരോക്ഷമായോ ഓഹരി നിയന്ത്രണം വഹിക്കുന്ന ഒന്നോ അതിലധികമോ സബ്സിഡിയറിക്കോ, സബ്സിഡിയറികൾക്കോ ടെക്നോപാർക്ക് മൂന്നാംഘട്ട പ്രദേശത്തുനിന്നും 19.73 ഏക്കർ ഭൂമി പാട്ടത്തിന് നൽകാവുന്നതാണ്.<br>(iii) ഒറ്റത്തവണ പാട്ടത്തുക ഏക്കറിന് 3.10 കോടി രൂപയിൽ നിന്നും ഏക്കറിന് 5 കോടി രൂപയായി ഉയർത്തുന്നതാണ്.<br>(iv) പാട്ടക്കാലാവധി 90 വർഷമായി നിജപ്പെടുത്തുന്നതാണ്.<br>(v) നിബന്ധന (ii)-ൽ സൂചിപ്പിച്ചിരിക്കുന്ന TIH/THR കമ്പനികളുടെ പ്രത്യക്ഷവും, പരോക്ഷവും ആയിട്ടുള്ളതായ സബ്സിഡിയറികൾ പദ്ധതി വികസനം |

| | | | |
|---|---|---|---|
| | | | പൂർത്തിയാവുന്നതുവരെ ടി കമ്പനികളുടെ സബ്സിഡിയറികളായിതന്നെ തുടരേണ്ടതാണ്.<br>ടെക്നോപാർക്കിന്റെ പ്രസ്തുത ഭൂമി മൂന്നാംഘട്ട വികസനത്തിന് ഐ.ടി/ഐ.ടി.ഇ.എസ്. മറ്റനുബന്ധ വ്യവസായങ്ങൾക്കും അതിനായുള്ള അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കും വേണ്ടി ഏറ്റെടുത്തിട്ടുള്ളതാണ്. |
| (സി) | പദ്ധതിയുടെ പ്രമോട്ടർ ആരാണ്; എന്തെല്ലാം ഘടകങ്ങൾ അടങ്ങിയതാണ് പദ്ധതി; സർക്കാരിന് പ്രസ്തുത പദ്ധതിയിൽ പങ്കാളിത്തം ഉണ്ടോ; വിശദമാക്കാമോ; | (സി) | അമേരിക്കൻ കമ്പനിയായ ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംഗ്സ് എൽ.എൽ.സി. എന്ന കമ്പനിയാണ് പ്രസ്തുത പദ്ധതിയുടെ പ്രമോട്ടർ. പദ്ധതിയുടെ വിശദാംശങ്ങൾ ഫ്രെയിംവർക്ക് ഉടമ്പടിയിൽ ചേർത്തിട്ടുണ്ട്. സർക്കാരിന് പ്രസ്തുത പദ്ധതിയിൽ പങ്കാളിത്തം ഇല്ല. |
| (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്തെല്ലാമാണ്; നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഏത് തീയതിക്കകം പദ്ധതി നിലവിൽ വരുമെന്ന് വിഭാവനം ചെയ്യുന്നു; പദ്ധതിക്കാവശ്യമായ എന്തെല്ലാം അനുമതികൾ ഇതിനകം സർക്കാർ നല്കുകയുണ്ടായിട്ടുണ്ട് എന്നും വിശദമാക്കാമോ ? | (ഡി) | 10/10/2014 തീയതിയിലെ സ.ഉ.(എം.എസ്.) നം.26/2014/ഐ.ടി.ഡി , 26/08/2015-ലെ സ.ഉ.(എംഎസ്) നം.33/2015/ഐ.ടി.ഡി. എന്നിവയാണ് പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു. ഇതനുസരിച്ച് ടെക്നോപാർക്ക്, ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംഗ്സ് എൽ.എൽ.സി, റ്റി.എച്ച്.ആർ.ഇന്ത്യാ വെൻചർ എൽ.എൽ.സി. എന്നിവ സംയുക്തമായി ഒരു ഫ്രെയിംവർക്ക് ഉടമ്പടി 30.09.2015 ൽ ഒപ്പുവെച്ചു. പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കൈമാറുന്നതിനുള്ള കരാർ ഉടമ്പടി ഒപ്പുവെച്ചതിനു ശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളു. ഈ സാമ്പത്തിക വർഷം തന്നെ കരാർ ഉടമ്പടിയിൽ ഒപ്പുവെയ്ക്കാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ [illegible]